# കണ്ണൂർ സർവ്വകലാശാല

## (സംഗ്രഹം)

കണ്ണൂർ സർവ്വകലാശാല- ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്ന പി.ജി വിദ്യാർത്ഥികൾക്ക് -രജിസ്ട്രേഷൻ നടപടികൾ റദ്ദ് ചെയ്ത്- അതേ ഫാക്കൽറ്റിയിലോ മറ്റു ഫാക്കൽറ്റികളിലോ ഉൾപ്പെട്ട പ്രോഗ്രാമുകൾക്ക്- റഗുലറായി വീണ്ടും പ്രവേശനം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് (ഡി) വിഭാഗം

നം. അക്കാദ്/ഡി.2/3347/ജനറൽ/2017 സിവിൽ സ്റ്റേഷൻ (പി.ഒ), തീയതി : 12/07/2018

പരാമർശം: 1. 27.06.2018 തീയ്യതിയിലെ പരീക്ഷാവിഭാഗത്തിൽ നിന്നുള്ള അനൗദ്യോഗിക കുറിപ്പ്.
2. 20.02.2018 തീയതിയിലെ ഉത്തരവ് നം. അക്കാദ് ഡി2/2805/2017.

### ഉത്തരവ്

1. പരാമർശം (1) പ്രകാരം എം.എ ഇംഗ്ലീഷ് കോഴ്സിന് അഫിലിയേറ്റഡ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിക്ക് തന്റെ ഇതുവരെ എഴുതിയ പരീക്ഷകൾ റദ്ദ് ചെയ്ത് സർവ്വകലാശാലാ പഠനവകുപ്പിൽ പ്രവേശനം നേടുന്നതിനെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി അക്കാദമിക് വിഭാഗത്തിനോട് ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം (2) പ്രകാരം ഒരു യു.ജി പ്രോഗ്രാമിന് റഗുലറായി ചേർന്നതിന് ശേഷം ഇടയ്ക്ക് വച്ചു പഠനം നിർത്തുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത രജിസ്ട്രേഷൻ നടപടികളെല്ലാം റദ്ദു ചെയ്തതിനുശേഷം അതേ ഫാക്കൽറ്റിയിലോ മറ്റു ഫാക്കൽറ്റികളിൽ ഉൾപ്പെട്ട പ്രോഗ്രാമുകൾക്കോ റഗുലറായി വീണ്ടും പ്രവേശനം നൽകുന്നത് അനുവദിക്കാവുന്നതാണ്.

3. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചതിനു ശേഷം വൈസ്ചാൻസലർ മേൽ ഉത്തരവ് പി.ജി പ്രോഗ്രാമുകൾക്ക് കൂടി ബാധകമായി ഉത്തരവായിട്ടുണ്ട്.

4. തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

സ്വീകർത്താവ്
1. പരീക്ഷാവിഭാഗം
2. എല്ലാ വകുപ്പ് തലവൻമാർക്കും

പകർപ്പ്:
1. വിസിയുടെ പിഎസ്
2. പി.വി.സി/ രജിസ്ട്രാർ/സിഇ/എഫ്ഒ എന്നിവരുടെ പിഎ മാർ
3. വെബ് മാനേജർ
4. എസ്എഫ്/ഡിഎഫ്/എഫ്സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഷൈ.13.06.18